(ഡി) ഈ പര്യടനത്തിൽ മൈക്രോസോഫ്റ്റ് തുടങ്ങിയ കമ്പനികളുടെ ഉന്നതന്മാരുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസമേഖലയിൽ വിവരസാങ്കേതിക വിദ്യയ്ക്ക് പ്രാമുഖ്യം നൽകുന്ന പല പദ്ധതികൾക്കും അവർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

(ഇ) സെക്രട്ടറിയേറ്റ്, സെക്രട്ടറിയേറ്റ് അനക്സ്, വികാസ്ഭവൻ, ബോർഡ് ഓഫ് റവന്യൂ എന്നിവയെ ബന്ധിപ്പിക്കുന്ന ഒരു വിശാല കമ്പ്യൂട്ടർ ശൃംഖല (വൈഡ് ഏരിയാ നെറ്റ് വർക്ക്) സ്ഥാപിക്കൽ. ഇതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ ധനകാര്യ, ആരോഗ്യ വകുപ്പുകളിൽ പൈലറ്റ് പ്രോജക്ട് നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. സേവന, പേൾ എന്നിവ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുക, ട്രഷറി കമ്പ്യൂട്ടർ വൽക്കരണത്തിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുക, ഐ.റ്റി മേഖലയിലെ നിക്ഷേപ സാധ്യതകൾ കണക്കിലെടുത്ത് എറണാകുളം കേന്ദ്രമാക്കി ഒരു ഇ-ടവർ സ്ഥാപിക്കുക, കോട്ടയം മെഡിക്കൽ കോളേജിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുക, എന്നീ പദ്ധതികളാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. കേരളം ഒരു സമ്പൂർണ്ണ സാക്ഷര സംസ്ഥാനമായി മാറ്റുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതി 2001-2002 മുതൽ ആരംഭിക്കുന്നതാണ്. ഐ.റ്റി. അറ്റ് സ്കൂൾ എന്ന ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ആഗോളവൽക്കരണത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റേയും ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള ഗുണദോഷങ്ങൾ

11 (11) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോളവൽക്കരണത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റേയും ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള ദോഷങ്ങൾ എന്തെല്ലാമാണ് ;

(ബി) അതുമൂലമുണ്ടായിട്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണ് ;

(സി) ആഗോളവൽക്കരണത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റേയും ഫലമായി സംസ്ഥാനത്തിനുണ്ടായിട്ടുള്ള ദോഷവശങ്ങൾ ദൂരീകരിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) ഇതിന്റെ ഗുണഫലങ്ങൾ എല്ലാവർക്കും സിദ്ധിക്കുവാൻ എന്തെല്ലാം നടപടികളെടുത്തു ;

(ഇ) ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും മൂലമുണ്ടായിട്ടുള്ള ദുരിതങ്ങളെ ഇല്ലായ്മ ചെയ്യാനും അതുമൂലം കൈവന്ന ഗുണങ്ങൾ എല്ലാവർക്കും സിദ്ധിക്കുവാൻ ഒരു നടപടിയും സ്വീകരിക്കാത്തപക്ഷം അതിനുള്ള കാരണങ്ങൾ എന്തെന്നു വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും നമ്മുടെ കാർഷിക സമ്പദ്ഘടനയേയും ചെറുകിട വ്യവസായമേഖലയേയും പൊതുവിതരണ സംവിധാനത്തേയും പ്രതികൂലമായി ബാധിക്കുന്നതാണ്. കാർഷിക വിഭവങ്ങളുടെ സ്വതന്ത്ര ഇറക്കുമതി അനുവദിക്കുക വഴി സംസ്ഥാനത്തിന്റെ കാർഷികമേഖലയിൽ വിലത്തകർച്ച ഉണ്ടായിട്ടുണ്ട്. നാളികേരവും റബ്ബറും നിയന്ത്രിത വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ അടിസ്ഥാനമാക്കി നിർമ്മിക്കുന്ന ടയറുകൾ നാളികേരോൽപ്പന്നങ്ങൾ എന്നിവ സ്വതന്ത്ര ഇറക്കുമതി പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ എല്ലാ കാർഷികോൽപ്പന്നങ്ങളിൻമേലുള്ള ഇറക്കുമതി നിയന്ത്രണങ്ങൾ 2001-ൽ പൂർണ്ണമായി നീക്കം ചെയ്യപ്പെടുന്നതുമാണ്. ഇത്തരത്തിലുള്ള നടപടികൾമൂലം കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിലും സംസ്ക്കരണത്തിലും ഏർപ്പെട്ടിരുന്ന ആയിരക്കണക്കിനു തൊഴിലാളികളുടെ തൊഴിലിനേയും വരുമാനത്തേയും ബാധിക്കുമെന്നു മാത്രമല്ല ഇതിന്റെ ദോഷഫലങ്ങൾ സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുകയും ചെയ്യും.

(ബി) ദോഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കാര്യമായ ഗുണങ്ങളൊന്നും ഇന്നത്തെ നിലയിലുള്ള പോളിസികൊണ്ട് കാണുന്നില്ല.

(സി-ഇ) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച തടയുന്നതിന് വേണ്ടി റബ്ബർ, കൊപ്ര എന്നീ പ്രധാന വിളകൾക്ക് താങ്ങുവില ഏർപ്പെടുത്തി. ദീർഘകാലാടിസ്ഥാനത്തിലുള്ള സമയബന്ധിത കർമ്മ പരിപാടികളിലൂടെ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തുന്നതിനും സംസ്ഥാന സർക്കാരിനെ ഉപദേശിക്കുന്നതിനും ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റിയും ആ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിനും വിവിധ മേഖലകളെ പ്രതിനിദാനം ചെയ്യുന്ന ഏഴ് ഉപസമിതികളും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ശുപാർശകൾക്കനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മന്ത്രിമാരുടെ ഔദ്യോഗിക വസതി മോടി പിടിപ്പിച്ച വകയിലെ ചെലവ്

12 (12) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിയുടെയും ഔദ്യോഗിക വസതികൾ മോടിപിടിപ്പിച്ച വകയിൽ എന്ത് തുക ചെലവായിട്ടുണ്ട് ;

(ബി) ഈ കാലയളവിൽ ഓരോ മന്ത്രിയുടെയും ആഫീസ് മോടി പിടിപ്പിക്കുന്നതിന് എന്ത് തുക ചെലവായിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly